**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 543** **30-01-2024 - ൽ മറുപടിയ്ക്ക്**

**കോങ്ങാട് മണ്ഡലത്തിലെ കിഫ്ബി ഫണ്ട് മുഖേനയുള്ള കുടിവെള്ള പദ്ധതികളുടെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി ഫണ്ട് ഉപയോഗിച്ച് കേരള വാട്ടർ അതോറിറ്റി നിർവഹണ ഏജൻസിയായി നടപ്പിലാക്കുന്ന കോങ്ങാട് മണ്ഡലത്തിലെ കുടിവെള്ള പദ്ധതികളുടെ നിർമ്മാണ പുരോഗതി വിവരം ലഭ്യമാക്കാമോ; | (എ) | കോങ്ങാട് നിയോജക മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന " പാലക്കാട് ജില്ലയിലെ കരിമ്പയും-കോങ്ങാട് സമഗ്ര കുടിവെള്ള പദ്ധതി- കേരള ജല അതോറിറ്റി യുടെ മേൽനോട്ടത്തിൽ ആണ് നിർവഹിക്കുന്നത്.<br><br>പാക്കേജ് I : പമ്പ് ഹൗസിന്റെയും കൺട്രോൾ റൂമിന്റെയും നിർമ്മാണം, 920 മീറ്റർ നീളത്തിൽ 450mm ഡയ DI K9 പൈപ്പിന്റെ RWPM വിതരണം ചെയ്യുകയും ഇടുകയും ചെയ്യുക, 12 mld WTP യുടെ നിർമ്മാണം, ട്രയൽ റണ്ണിംഗ്, പരിപാലനം, WTP പരിസരത്ത് ഡ്രെയിനേജ് കുളം നിർമ്മാണം, വിതരണം, റോ വാട്ടർ, ക്ലിയർ വാട്ടർ പമ്പ് സെറ്റുകളും ട്രാൻസ്ഫോമറും സ്ഥാപിക്കൽ മുതലായ പാക്കേജ് 1 ന്റെ പ്രവർത്തികൾ പൂർത്തിയാക്കി.<br><br>പാക്കേജ് II - 13.0 LL OHSR, 450mm CWPM, 200mm CWGM എന്നിവയുടെ നിർമ്മാണം ഉൾക്കൊള്ളുന്നു (നിലവിലുള്ള OHSRS- യുമായി ഇന്റർകണക്ഷൻ ഉൾപ്പെടെ). കോൺട്രാക്ടർ 685.5m മീറ്റർ നീളത്തിൽ 450mm DI K9 പൈപ്പുകളും, 1253.5m നീളത്തിൽ 200 mm DI K9 പൈപ്പുകളും സ്ഥാപിച്ചു. അതായത് ഈ പാക്കേജിന്റെ 12 % ജോലികൾ മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. ശേഷം ആവശ്യമായ പുരോഗതി കൈവരിക്കുന്നതിൽ കരാറുകാരൻ പരാജയപ്പെട്ടതിനാൽ 01-01-2022 ന് പാലക്കാട് സൂപ്രണ്ടിംഗ് എഞ്ചിനീയർ പിഎച്ച് സർക്കിളിൽ നിന്ന് പ്രവൃത്തി അവസാനിപ്പിക്കുകയും, പ്രാധാന്യമനുസരിച്ച് ഒരു ചെറിയ ഭാഗം പ്രത്യേക ജോലിയായി ക്രമീകരിക്കുകയും 30-11-2022 പൂർത്തിയാക്കുകയും ചെയ്തു.<br><br>ജല അതോറിറ്റിയിൽ നിന്ന് ലഭിച്ച വിവര പ്രകാരം, പാക്കേജ് II-ന്റെ പരിധിയിൽ അവശേഷിക്കുന്ന എല്ലാ |

| | | | |
|---|---|---|---|
| | | | പ്രവൃത്തികളും പ്രത്യേകം പരിഗണിക്കുകയും അതിനുള്ള ഭരണാനുമതി ജൽജീവൻ മിഷന് റീ-അപ്രോപ്രിയേഷനിൽ ലഭിക്കുകയും അത് ടെൻഡർ പ്രക്രിയയിലുമാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ബി) | പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിനായി നിർവഹണ ഏജൻസിയുടെ (കേരള ജല അതോറിറ്റി) മേൽനോട്ടത്തിന് പുറമെ വിവിധ തലങ്ങളിൽ കിഫ്ബി തുടർച്ചയായി പ്രസ്തുത പ്രവർത്തിയുടെ അവലോകനം നടത്തി ആവശ്യമുള്ള നിർദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്. |

സെക്ഷൻ ഓഫീസർ